**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2929** | **22/06/2012-ൽ മറുപടിക്ക്**

**തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കം സംബന്ധിച്ച മന്ത്രിസഭാ ഉപസമിതി റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. മഞ്ഞളാംകുഴി അലി<br>(ബഹു. മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂന പക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | 2011 ഡിസംബർ 30-ന് തിരുവനന്തപുരം നഗരത്തിലുണ്ടായ വെള്ളപ്പൊക്കത്തെത്തുടർന്നുണ്ടായ സ്ഥിതിവിശേഷങ്ങളെ സംബന്ധിച്ച് പഠിക്കാൻ സർക്കാർ മന്ത്രിസഭാ ഉപസമിതിയെ നിയമിച്ചിരുന്നുവോ ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ ഉപസമിതി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചോ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാനശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (ബി) | മന്ത്രിസഭാ ഉപസമിതി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വെള്ളപ്പൊക്ക നിവാരണ പരിപാടികൾക്കായി ഹ്രസ്വകാലാടിസ്ഥാനത്തിലും, ദീർഘകാലാടിസ്ഥാനത്തിലും നടപ്പിലാക്കേണ്ട വെള്ളപ്പൊക്കനിവാരണ പരിപാടികൾക്കായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് ശുപാർശ ചെയ്തു: -<br><br>ഘട്ടം 1 (ഹ്രസ്വകാല പ്രവർത്തനങ്ങൾ)<br>1. കിള്ളിയാറിന്റെ റീട്ടെയിനിംഗ് ഭിത്തി, നാശം സംഭവിച്ച ബണ്ടുകൾ എന്നിവയുടെ പുനരുദ്ധാരണം.<br>2. കിള്ളിയാർ, കരമനയാർ എന്നിവയുടെ മണൽക്കൂനകൾ, ചെറുകാടുകൾ നീക്കംചെയ്യൽ<br>3. ഉള്ളൂർ, പട്ടം, ആമയിഴഞ്ചാൻ തോട്, തെക്കൻകര കനാലുകളിലെ കേടുപാടുവന്നിട്ടുള്ള പാർശ്വഭിത്തികളുടെ പുനരുദ്ധാരണവും ബന്ധപ്പെട്ട പ്രവർത്തനങ്ങളും, തടസ്സം നീക്കം ചെയ്യലും.<br>4. തിരുവനന്തപുരം നഗരത്തിലെ ഓടകളുടെ പുനരുദ്ധാരണം<br><br>ഘട്ടം2 (ദീർഘകാല പ്രവർത്തനങ്ങൾ): കരിമഠം, യമുനാനഗർ, കാവേരി ഗാർഡൻ എന്നീ സ്ഥലങ്ങളിലെ വെള്ളപ്പൊക്കം തടയാൻ സ്ഥിരമായ സംവിധാനം. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | ഹ്രസ്വകാലാടിസ്ഥാനത്തിൽ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി 27 കോടി രൂപയും രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി 98.51 കോടി രൂപയും അനുവദിച്ചു. |
| (ഡി) | ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ കരമന-കിള്ളിയാറുകളുടെ നവീകരണത്തിന് ഉപസമിതിയുടെ ശുപാർശയിന്മേൽ എന്തു തുക നീക്കിവച്ചിരുന്നു ; | (ഡി) | കരമന കിള്ളിയാർ നദികൾക്കു മാത്രമായി ഒന്നാം ഘട്ടത്തിൽ 22.50 കോടി രൂപയും രണ്ടാം ഘട്ടത്തിൽ കിള്ളിയാറിനു മാത്രമായി 48.51 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ഇ) | നവീകരണ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ ? | (ഇ) | കിള്ളിയാറിൽ കാടുവെട്ടിപ്പാലം മുതൽ പാങ്ങോടു പാലം വരെയുള്ള ഭാഗത്തെ 484.29 ലക്ഷം രൂപയുടെ പണികളുടെ കരാർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കാടുവെട്ടിപ്പാലം മുതൽ താടോടം വരെയുള്ള പണികൾ ആരംഭിച്ചു കഴിഞ്ഞു. ബാക്കിയുള്ള ഭാഗത്തെ പ്രവർത്തനങ്ങളുടെ കരാർ നടപടികൾ പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ